ചെറുകഥ

# ടിയാന്റെ ജീവചരിത്രം

വിപിൻ ചന്ദ്രൻ

സാധാരണക്കാരൻ ആയിരുന്നു അയാൾ. ഒരു സാധാരണ സർക്കാർ ജീവനക്കരന്റെയും വീട്ടമ്മയായ ഭാര്യയുടെയും ഏക പുത്രൻ. "നാമൊന്ന് നമുക്കൊന്ന്" എന്ന് അയാളുടെ മാതാപിതാക്കൾ ചിന്തിച്ചതുകൊണ്ടായിരുന്നില്ല അയാൾ അച്ഛനും അമ്മയ്ക്കും ഒറ്റ മകൻ ആയിപ്പോയത്. എണ്ണമായിരുന്നു പ്രശ്നം, പിതാവിന്റെ പ്രത്യുൽപാദനക്കൂട്ടിൽ പേരറിയാത്ത എന്തിന്റെയൊക്കെയോ കുറവ്. അയാൾ ഉണ്ടായത് തന്നെ എന്തോ മുജ്ജന്മ പുണ്യം, എന്നാണ് പിതാവും മാതാവും ഡോക്ടർമാരും കരുതിയത്. തൊണ്ണൂറുകളുടെ തുടക്കത്തിൽ ആയിരുന്നു അയാളുടെ ജനനം. അന്നൊക്കെ കുട്ടി ആണായാൽ പിതാക്കന്മാരുടെ സന്തോഷത്തിനു അതിരുണ്ടായിരുന്നില്ല. ഏതാണ്ട് ബ്രഹ്മദേവൻ പ്രത്യക്ഷപ്പെട്ടു അമരത്വം കൽപ്പിച്ചു കിട്ടിയത് പോലെയായിരുന്നു അവരുടെ ആഹ്ളാദപ്രകടനങ്ങൾ. പിതാക്കന്മാരാൽ സ്മരിക്കപ്പെടേണ്ട ഇന്നത്തെ ചില പിതാക്കന്മാരുടെയും അവസ്ഥ അതുതന്നെ. സ്ത്രീകളുടെ അവസ്ഥയിലും വലിയ വ്യത്യാസം ഒന്നുമില്ല എന്നുള്ളത് ജനിക്കാതെ പോയ പെൺജന്മങ്ങൾ കേട്ട് ഞെട്ടേണ്ട ഒരു വാർത്തയാണ്. കാര്യം ഇങ്ങനെയൊക്കെയായിരുന്നുവെങ്കിലും അയാളുടെ അമ്മയ്ക്ക് അയാൾക്ക് താഴെ ഒരു പെൺകുട്ടി വേണം എന്നുള്ള അതിയായ ആഗ്രഹം ഉണ്ടായിരുന്നു. മകന് ഒരു അനിയത്തിക്കുട്ടിയെ സംഭാവന ചെയ്യാൻ അവർ അക്ഷീണം പ്രയത്നിച്ചെങ്കിലും കണക്കുകൾ ആ ദമ്പതികളുടെ അധ്വാനത്തെ പാടെ വെറുതെയാക്കി. കാലചക്രത്തിന്റെ കറക്കത്തിനൊപ്പം പ്രായം കൂടുന്ന ആ അദ്ഭുത പ്രതിഭാസം അയാളെ ബാല്യത്തിലേക്കും, ബാല്യത്തിൽ നിന്ന് കൌമാരത്തിലേക്കും തുടർന്നു യൌവ്വനത്തിലേക്കും നിർദാക്ഷിണ്യം എത്തിച്ചു. പ്രകൃതിയുടെ വശത്തുനിന്നും ചിന്തിച്ചാൽ ഒരു മനുഷ്യജന്മത്തിലെ ഏറ്റവും സുന്ദരമായ യൌവ്വന കാലഘട്ടത്തിലേക്ക് അങ്ങനെ അയാൾ എത്തിച്ചേർന്നു.

ആഹാരം കഴിക്കുക നിലനിന്നു പോവുക എന്ന ലക്ഷ്യം മറ്റുജീവികളിൽ ഇരപിടിക്കാനുള്ള ഉപായങ്ങൾ അഭ്യസിക്കുവാൻ പ്രേരിതമായി. എന്നാൽ മനുഷ്യന്റെ കാര്യത്തിൽ എങ്ങനെ ഇരപിടിക്കണം എന്നുള്ളതിൽ ഒരുപാടു ശാഖകൾ ഉള്ളതിനാൽ ഏതൊരു മനുഷ്യക്കുഞ്ഞിനും യൌവ്വനത്തിന്റെ പ്രാരംഭകാലത്ത് ഉണ്ടാകുന്ന ഒരു സംശയം അയാളിലും ഉടലെടുത്തു. കാര്യം ടിയാൻ എഞ്ചിനീയറിംഗ് ഒരുവിധത്തിൽ പാസ്സായിട്ടുണ്ടെങ്കിലും, പഠിച്ച യാതൊന്നിലും തരിമ്പുപോലും ധാരണയില്ലാതിരുന്നത് ഈ സംശയത്തിലേക്ക് അയാളെ നയിക്കുവാൻ ഉള്ള മുഖ്യകാരണമായി. അതിനുമുണ്ട് അയാൾക്കൊരു

വിശദീകരണം. ടിയാൻ പന്ത്രണ്ട് പാസ്സായി നിൽക്കുന്ന കാലം. അച്ഛന്റെയും അമ്മയുടെയും അരുമശിഷ്യത്വത്തിൽ വളരെ നന്നായിപ്പഠിച്ചിരുന്നതിനാൽ സാമാന്യം നല്ല മാർക്കോടുകൂടിത്തന്നെ പന്ത്രണ്ട് പാസ്സായിരുന്നു. സാധാരണക്കാരായിരുന്ന ദമ്പതികൾക്ക് നന്നായിപ്പഠിക്കുന്ന കുട്ടികളെ ചേർക്കാൻ ഉള്ള കോഴ്സുകൾ ലോകത്ത് എഞ്ചിനീയറിംഗ് അല്ലെങ്കിൽ മെഡിസിൻ എന്നൊരു ധാരണമാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ മകനോട് ചോദിച്ചു, "ഡാ, നിനക്ക് ഡോക്ടറാകണോ എൻജിനീയർ ആകണോ?"

ചെക്കൻ എടുത്ത വായിൽ പറഞ്ഞു "എൻജിനീയർ".

അച്ഛനുമമ്മയ്ക്കും സന്തോഷമായി. എന്നാൽ അതിനുപിന്നിൽ മറ്റൊരു കാര്യമുണ്ടായിരുന്നത് പാവം മാതാപിതാക്കൾ അറിഞ്ഞിരുന്നില്ല. കാര്യം അവനിതിനേപ്പറ്റി വലിയ ധാരണ ഒന്നുമില്ലായിരുന്നുവെങ്കിലും നല്ല മാർക്ക് വാങ്ങി പന്ത്രണ്ട് പാസ്സായ ചങ്ങാതിമാരും അല്ലാത്തവരുമെല്ലാം ചേരാൻ പോകുന്ന കോഴ്സുകളുടെ പേര് പറഞ്ഞപ്പോൾ വാലായി "എഞ്ചിനീയറിംഗ്" എന്ന വിശ്വവിഖ്യാതമായ വാക്കുമുണ്ടായിരുന്നു. എന്നാൽപ്പിന്നെ താൻ മാത്രം എന്തിനുമാറണം എന്നുകരുതിയാണ് അവൻ എടുത്തടിച്ചപോലെ എഞ്ചിനീയറിംഗ് എന്നുപറഞ്ഞു മാതാപിതാക്കളെ സന്തോഷിപ്പിച്ചത്. എന്നാൽ എൻട്രൻസിനു കാക്കത്തൊള്ളായിരം റാങ്ക് വാങ്ങിയ ചെക്കനെ ഒടുക്കം അവർ കാശുമുടക്കി ചെക്കൻ പഠിക്കും എന്ന വിശ്വാസത്തിൽ കേരള തമിഴ്നാട് അതിർത്തിയിൽ തമിഴ്നാട്ടിൽ ഒരു പട്ടിക്കാടുള്ള പട്ടിക്കൂടിനെക്കാളും മോശമായ കോളേജിൽ ചേർത്തു. അവിടുത്തെ ചെയർമാന്റെയും പ്രിൻസിപ്പാളിന്റെയും സ്വേച്ഛാതിപത്യ ഭരണത്തിൽ ആദ്യമൊക്കെ മനംനൊന്തും പിന്നീട് വിപ്ലവകാരിയായും നാലുവർഷം കൊണ്ട് നാല് സപ്ലികളുമായി അയാൾ തന്റെ എഞ്ചിനീയറിംഗ് പഠനകാലഘട്ടം ഒരുവിധത്തിൽ തീർത്തു. ആ നാലുവർഷ കാലഘട്ടത്തിൽ യൌവ്വനത്തിന്റെ സ്വാതന്ത്ര്യവും പ്രണയവുമെല്ലാം അയാളുടെ ജീവിതത്തിലേക്ക് കടന്നുവന്നു. വീട്ടിൽ നിന്നും ആദ്യമായി മാറിനിൽക്കുന്ന എല്ലാ കുട്ടികളേയും പോലെതന്നെ ആദ്യമാദ്യം വിഷമത്തിൽ നീന്തിത്തുടിച്ച അയാൾ പിന്നീട് ആ സ്വാതന്ത്ര്യത്തെ ആസ്വദിക്കാൻ ആരംഭിച്ചു. തിളച്ചുമറിയുന്ന യൌവ്വനത്തിൽ സിഗരറ്റിലും കുപ്പിയിലും നിറഞ്ഞ ലഹരിയിൽ മുങ്ങി അയാൾ ക്ലാസ്സുകളും സുഹൃത്തുക്കളും ഹോസ്റ്റലും മുറിയും ഒക്കെയായി വല്ലാതെയങ്ങ് ജീവിച്ചുരസിച്ചു. ഒൻപതിന്റെ കൂടെ പൂജ്യം ചേർന്നിരുന്ന മാർക്ക് ഷീറ്റുകളുടെ സ്ഥാനത്ത് അയാൾ പൂജ്യങ്ങൾ മാത്രം കാണുവാൻ തുടങ്ങി. കോഴ്സ് തീരാൻ വർഷം ഒന്നുമാത്രം ബാക്കി നിൽക്കുമ്പോൾ അയാൾക്ക് ലഭിച്ചത് പന്ത്രണ്ട് സപ്ലികളും, മുഖത്ത് അച്ഛന്റെ അഞ്ചുവിരലുകളുടെ തിണർത്തപാടുകളുമായിരുന്നു. ആ അടികൊണ്ടു ഗുണമുണ്ടായി. ആ ഒറ്റവർഷം കൊണ്ട് ടിയാന്റെ സപ്ലികളുടെയെണ്ണം പന്ത്രണ്ടിൽ നിന്ന് നാലായി. ഈ നാലുവർഷത്തിനിടയിൽ നടന്ന മറ്റൊരു സുപ്രധാന സംഭവം അയാൾ ഒരു

പെൺകുട്ടിയാൽ ചതിക്കപ്പെട്ടിരുന്നുവെന്നതാണ്. ടിയാൻ ആത്മാർഥമായി പ്രണയിച്ചിരുന്ന ഒരു പെൺകുട്ടിക്ക് അവളുടെയുള്ളിൽ സ്നേഹം ടിയാനുകൊടുക്കാൻ ആവശ്യമുള്ളതും അതിലേറെയും ഉണ്ടായിരുന്നതിനാൽ ടിയാന്റെ ഉറ്റസുഹൃത്തിനും കുറച്ചുകൊടുത്തു. പണ്ടാരാണ്ടോ പറഞ്ഞപോലെ വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുത് എന്നപോലെ ടിയാൻ അറിയാതെയാണ് ടിയാന്റെ സുഹൃത്തിന് മിച്ചമുണ്ടായിരുന്ന സ്നേഹം ആ പെൺകുട്ടി കൊടുത്തത്. "സ്നേഹ"മൊഴിച്ച് മറ്റെന്തും(സ്നേഹത്തിന്റെ അനുബന്ധ സാധനങ്ങളും ഉൾപ്പെടും) തന്റെ സുഹൃത്തിനു തന്റെ കാമുകി കൊടുക്കുന്നത് അയാൾ സഹിക്കും, എന്നാൽ അതുമാത്രം ടിയാന് സഹിച്ചില്ല. അങ്ങനെ കാമുകീകാമുകന്മാർ ശത്രുക്കളായി, ഉറ്റസുഹൃത്തുക്കൾ ശത്രുക്കളായി, പിന്നെ കാമുകിയും ഉറ്റസുഹൃത്തും പ്രണയത്തിലുമായി. ഒടുക്കം ടിയാന് പെൺവർഗ്ഗത്തോട് വെറുപ്പുമായി. എന്നിരുന്നാലും 'ഉള്ള്' തുറന്നുകാണിക്കുന്ന ചില പ്രത്യേകതരം പെൺവർഗ്ഗത്തിന്റെ ചില പ്രത്യേകതരം ചലനചിത്രങ്ങൾ കണ്ട് ശാരീരിക ആവശ്യങ്ങൾ നിറവേറ്റുവാൻ ആ വിരോധം ഒരു വിലങ്ങുതടിയുമായില്ല. അങ്ങനെ പ്രേമം പൊട്ടി കുറെനാൾ അസ്വസ്ഥനായിരുന്നുവെങ്കിലും ഒരിടവേളയ്ക്കുശേഷം അയാൾ പൂർണ്ണമായും സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരികയും ചെയ്തു. നാലുവർഷം കഴിഞ്ഞ് നാലുസപ്ലിയുമായി വീട്ടിൽ തിരികയെത്തിയ മകനെ ഉപദേശിച്ചും പഠിപ്പിച്ചും അടുത്ത ആറുമാസം കൊണ്ട്, മാതാപിതാക്കൾ എന്ജിനീയറിംഗ് പാസ്സ്ഔട്ട് ആക്കിമാറ്റി. അങ്ങനെ ടിയാൻ എൻജിനീയർ ആയി, ജീവിതത്തെപ്പറ്റി യാതൊരു ധാരണയും ഭാവിയെപ്പറ്റി യാതൊരു ഉത്ഘണ്ഠയുമില്ലാത്ത എൻജിനീയർ. കോഴ്സ് കഴിഞ്ഞു പത്താം മാസം അയാൾ തൊഴിൽതേടി കൊച്ചിയിലെത്തി. അന്നുമുതലാണ് അയാളുടെ യഥാർത്ഥ ജീവിതം ആരംഭിച്ചത്, ടിയാൻ തന്റെ ജീവിതലക്ഷ്യം അല്ലെങ്കിൽ ചെയ്യേണ്ട കർമ്മം എന്തെന്ന് തിരിച്ചറിഞ്ഞത്.

തിരശീലയിൽ പുതിയ നിറച്ചാർത്തുകൾ വീശിയടിക്കുന്ന ഒരു വെള്ളിയാഴ്ചയായിരുന്നു അയാൾ ഒരു ഇന്റർവ്യൂ അറ്റൻഡ് ചെയ്യാൻ ആ നഗരത്തിൽ കാലുകുത്തുന്നത്. വളരെ ബുദ്ധിമുട്ടി ഗൂഗിൾ മാപ്പിന്റെ സഹായത്തോടെ അയാൾ ഓഫിസ് കണ്ടുപിടിച്ചു. ഇന്റർവ്യൂവിന് ഓരോരുത്തരെയും വിളിക്കുന്ന ഇടവേളകളിൽ ഒരിറ്റുവെള്ളം കുടിക്കണം എന്ന അതിയായ ആശയോടെ എന്നാൽ കുടിക്കാൻ പോകുന്ന സമയം തന്നെ വിളിച്ചാലോ എന്ന ആശങ്കയോടെ അയാൾ തന്റെ ഊഴവും കാത്തിരുന്നു. ആകെയുള്ള ആശ്വാസം പാൽനിറമുള്ള റിസെപ്ഷനിസ്റ്റ് ആയിരുന്നു. അവളുടെ ചുവന്ന ചുണ്ടുകളും നോക്കിയിരുന്ന അയാളുടെ മനസ്സിലേക്ക് പഠിച്ചതെല്ലാം മറന്നുപോകുമോ എന്ന ഒരു ടെൻഷൻ പെട്ടന്നുണ്ടായി. ആ നിമിഷം തന്നെ ആ പെൺകൊടി അയാളെ നോക്കുകയും അവരുടെ കണ്ണുകൾ തമ്മിൽ ഉടക്കുകയും ചെയ്തു. തത്സമയം നഗരത്തിലെ ഒരു പ്രമുഖ തീയേറ്ററിൽ ഒരു പ്രമുഖ സൂപ്പർ സ്റ്റാറിന്റെ സൂപ്പർ ഹിറ്റാകേണ്ട പടത്തിന്റെ റിലീസിനോടനുബന്ധിച്ചു ഫാൻസിന്റെ വക സൂപ്പർ സ്റ്റാറിന്റെ മാനം മുട്ടുന്ന

ഫ്ലെക്സിൽ പാലഭിഷേകം നടക്കുകയായിരുന്നു. പാലഭിഷേകം കഴിഞ്ഞ് തിരിച്ചിറങ്ങുകയായിരുന്ന ആരാധകന്റെ തലയിൽ ആരാധന കൂടുതലും ശ്രദ്ധകുറവുമായിരുന്നതിനാൽ കാൽതെറ്റി പത്തുനാൽപ്പതടി പൊക്കത്തിൽ നിന്നും അയാൾ തലകുത്തി താഴെവീണ് വീരചരമമടഞ്ഞു. അങ്ങനെ ആരാധകൻ തന്റെ മൂർത്തിക്കായി പാലഭിഷേകത്തിനോപ്പം രക്തബലിയും നടത്തി. ആളുകൂടി, പോലീസെത്തി, തീയേറ്ററുകാർക്കും മറ്റാരാധകർക്കും ഷോ മുടങ്ങുമോ എന്ന പേടിയായി. സമൂഹമാധ്യമങ്ങളിലൂടെയും മറ്റു മുൻനിര റെഗുലർ മീഡിയകളിലൂടെയും വാർത്ത കാട്ടുതീയേക്കാൾ വേഗത്തിൽ പരന്നു. മൂന്നാലുവീടുകൾ ഒഴികെ ബാക്കിയെല്ലാവരും വാർത്തകേട്ടത് കൌതുകത്തോടെയായിരുന്നു. മരിച്ച ആളിന്റെ വ്യക്തിവിവരം വെളിവായപ്പോൾ മൂന്നാലിന്റെ സ്ഥാനം അഞ്ചാറിനു വഴിമാറി. സമൂഹമാധ്യമങ്ങളിൽ അന്ധമായ താരാരാധനയെ എതിർത്ത് പോസ്റ്റുകൾ നിറഞ്ഞു. പോസ്റ്റിട്ടതിലും സപ്പോർട്ട് ചെയ്തതിലും കൂടുതൽ സിനിമാനടനാകാൻ മോഹിച്ചിട്ടു സാധിക്കാതെ പോയവരായിരുന്നെങ്കിലും, കൂട്ടത്തിൽ തികച്ചും യാദൃശ്ചികമായി വഴിതെറ്റുന്ന യുവത്വത്തെ പടച്ചുവിട്ട നിരാശരായ മാതാപിതാക്കളും പെട്ടുപോയിരുന്നു. എന്തായാലും ഈ അവസരം മുതലെടുത്ത് താരമാകാൻ കഴിയാതെ പോയവരും അതിൽ ഒരുപാടു വിഷമം പുറത്തുകാണിക്കാതെ ഉള്ളിൽ കൊണ്ടുനടക്കുന്നവരും സൂപ്പർതാരത്തെ ചീത്തവിളിച്ചു. എല്ലാം സൂപ്പർതാരത്തിന്റെ കുറ്റമായി അവർ അവരോധിച്ചു. അവരെ പ്രതിരോധിച്ചുകൊണ്ട് സൂപ്പർതാരത്തിന്റെ 'പടയാളികളും' രംഗത്തിറങ്ങി. ഈ സമയമത്രയും നമ്മുടെ കഥാനായകൻ ഇന്റർവ്യൂവറിന്റെ കഠിനമായ ചോദ്യങ്ങളെയും  പുച്ഛത്തോടെയുള്ള നോട്ടങ്ങളെയും പ്രതിരോധിക്കുന്ന തിരക്കിലായിരുന്നു. അവസാനം, "നൌ യു കാൻ ഗോ. വി വിൽ കോൺടാക്റ്റ് യു" എന്നൊരു സാന്ത്വന സന്ദേശം കൈമാറിക്കൊണ്ട് അയാളെ കമ്പനി യാത്രയാക്കി. ഒന്നരമണിക്കൂറുനേരത്തെ യുദ്ധം കഴിഞ്ഞ് അയാൾ തിരികെ നഗരവീഥിയിലേക്കിറങ്ങുമ്പോഴേക്കും വെയിലിന്റെ കാഠിന്യം വല്ലാതെ കൂടിയിരുന്നു. സമയം നോക്കിയപ്പോൾ 11.45. പിന്നീട് അയാളുടെ ചിന്തകൾ നേരെ തിരികെ വീട്ടിൽ പോണോ അതോ കുറച്ചു കറങ്ങിയിട്ട് പോയാൽ മതിയോ എന്നായി മാറി. അവസാനം പ്രമുഖ നടന്റെ അന്ന് റിലീസ് ആയ സൂപ്പർ ഹിറ്റാകാൻ പോകുന്ന സിനിമ തീയേറ്ററിൽ കയറി കണ്ടിട്ട് പോകാം എന്നയാൾ തീരുമാനിച്ചു. അങ്ങനെ പ്രമുഖ നടന്റെ കടുത്ത ആരാധകൻ കൂടിയായ ടിയാൻ മൊബൈൽ വഴി നെറ്റിൽ സെർച്ച് ചെയ്ത് പടം ഓടുന്ന അടുത്തുള്ള ഒരു കൊട്ടക കണ്ടുപിടിച്ച് അങ്ങോട്ടേയ്ക്ക് വച്ചുപിടിച്ചു. തീയേറ്ററിനു മുൻപിലുള്ള തിരക്കുകണ്ട് അയാൾ നിർമ്മാതാവിനെക്കാളും കൂടുതൽ സന്തോഷിച്ചു. ഇതാണ് 'ഇനിഷ്യൽ കളക്ഷൻ' എങ്കിൽ തന്റെ ആരാധനാപാത്രത്തിന്റെ ചിത്രം 'ബോക്സ് ഓഫീസിൽ' റെക്കോർഡ് ഇടും എന്ന് അയാൾ മനസ്സിൽ കണക്കുകൂട്ടി. ആൾക്കൂട്ടത്തിനിടയിൽ ചില കാക്കി ഉടുപ്പുകാർ നിന്നിരുന്നത് ശ്രദ്ധിക്കാതെ അയാൾ തീയേറ്ററിന്റെ മുറ്റത്തേക്ക്

നടന്നുകയറി. കൌണ്ടർ അടച്ചിരിക്കുന്നത് കണ്ട അയാൾ ഷോ നടക്കുകയായിരിക്കും എന്ന് ധരിച്ച് ഒരു വശത്തേക്ക് മാറിനിന്ന് ചെറുതായി പരിസര വീക്ഷണം നടത്തി. സാധാരണയായി കൌണ്ടർ അടച്ചിട്ടിരിക്കുകയാണെങ്കിലും ക്യൂ കാണണമെല്ലോ എന്നയാൾ ചിന്തിച്ചു. അപ്പോഴാണ് ആൾക്കൂട്ടത്തിനിടയിലെ കാക്കി വസ്ത്രധാരികളെ അയാൾ ശ്രദ്ധിക്കുന്നത്. കോംപ്ലെക്സിനുള്ളിൽ സൂപ്പർ താരത്തിന്റെ കൂറ്റൻ ഫ്ലെക്സ് വച്ചിരിക്കുന്നതിനു താഴെയുള്ള അവിശ്വസനീയമായ കൂട്ടം അവിടെയെന്താണ് എന്നറിയാനുള്ള അയാളുടെ ആകാംഷ വർദ്ധിപ്പിച്ചു. പോലീസുകാർ അവിടെനിൽക്കുന്ന ആൾക്കാരെ നിയന്ത്രിക്കാൻ നന്നേ ബുദ്ധിമുട്ടുന്നുണ്ടായിരുന്നു. ആകാംഷ സഹിക്ക വയ്യാതെ അയാൾ ആൾക്കൂട്ടത്തിനരികിൽ എത്തി അവർക്കിടയിലേക്ക് നുഴഞ്ഞ് ഉള്ളിലെന്താണ് എന്നറിയാൻ ഭഗീരഥ പ്രയത്നം നടത്തി. തിരക്കുനിയന്ത്രിച്ചു ക്ഷമയുടെ നെല്ലിപ്പലകയിൽ എത്തിയിരുന്ന പോലീസുകാർ തത്സമയം തന്നെ ലാത്തിയെടുത്ത് വീശി ആളെ മാറ്റാൻ തുടങ്ങി. നിർഭാഗ്യകരം എന്നുപറയട്ടെ, ഏതോ പോലീസുകാരൻ വെറുതെ വീശിയ ലാത്തി കൃത്യമായി നമ്മുടെ കഥാനായകന്റെ കണങ്കാലിൽ ആറ്റംബോംബിട്ടു. അടിയുടെ വേദനയിൽ കരഞ്ഞുകൊണ്ട് അയാൾ തീയേറ്റർ കോംപ്ലെക്സിന് പുറത്തേക്കോടി. ആ ഓട്ടം നല്ല വൃത്തിയായി, ഇരപിടിക്കാൻ നിന്നിരുന്ന ഏതോ പ്രമുഖ ന്യൂസ് ചാനലിന്റെ ക്യാമറാ മാൻ തന്റെ കാമറയിൽ പകർത്തുകയും അത് ലൈവ് ടെലികാസ്റ്റിംഗ്ഗിൽ ലോകത്തുള്ള എണ്ണമറിയാത്തത്ര ടിവികളിൽ തെളിയുകയും ചെയ്തു. ഇതൊന്നുമറിയാതെ വേദനയും സഹിച്ച് അയാൾ റോഡ് സൈഡിൽ ഒരു മതിലിൽ ചാരിനിന്നു. വേദനയൊന്നു കുറഞ്ഞപ്പോൾ അയാൾ സമീപത്തുള്ള പെട്ടിക്കടയിൽ നിന്നും ഒരു വട്ടുസോഡാ വാങ്ങിക്കുടിച്ച് കടയുടമയോട് കാര്യങ്ങൾ തിരക്കി അവിടെ നടന്ന സംഭവ വികാസങ്ങളെപ്പറ്റി മനസ്സിലാക്കി. ഇനിയവിടെ നിന്നിട്ട് കാര്യമൊന്നും ഇല്ലെന്നു മനസ്സിലാക്കിയ അയാൾ അടികൊണ്ട കാലും വലിച്ചുകൊണ്ട് ബസ്സ് സ്റ്റാൻഡിലേക്ക് നടന്നു. തന്റെയും തന്റെ ആരാധനാപാത്രമായ സൂപ്പർ സ്റ്റാറിന്റെയും ജീവിതത്തിലെ മോശം ദിനമായിരുന്നു അന്ന് എന്ന് അയാൾ മനസ്സിൽ കണക്കുകൂട്ടി.

തത്സമയം സമൂഹമാധ്യമങ്ങളിലൂടെ തനിക്കുനേരെയുള്ള ആക്രമണം അടക്കിപ്പിടിച്ച രോഷത്തോടെ കണ്ടുനിൽക്കുകയായിരുന്ന സൂപ്പർ താരത്തെ അദ്ദേഹത്തിന്റെ മാനേജർ വിളിച്ച് ന്യൂസ് ചാനലിൽ, പോലീസിന്റെ ലാത്തിമർദ്ദനത്തിനിരയായ അദ്ദേഹത്തെ ജീവനുതുല്ല്യം സ്നേഹിക്കുന്ന ആരാധകനെ കാണിച്ചുകൊടുത്തു. രോഷം നിറഞ്ഞിരുന്ന ആ താരഹൃദയത്തിൽ അനുകമ്പയും തന്റെ ആരാധകനോടുള്ള സ്നേഹവും വന്നുനിറഞ്ഞു. അത്രയും നേരം നിർഭാഗ്യദിനം എന്നുകരുതിയ അന്നേ ദിവസത്തെ അദ്ദേഹം മറ്റൊരു കോണിലൂടെ ദർശിച്ചു. ലക്ഷക്കണക്കിന് ആരാധകർ ഉണ്ടെങ്കിലും തനിക്കുവേണ്ടി ജീവൻ ബലികൊടുത്ത ആരാധകനെയും പോലീസിന്റെ മർദ്ദനത്തിൽ കഠിനവേദനയനുഭവിച്ച

ആരാധകനെയും കാണിച്ചുതന്ന ദിവസം. ആ പാവം വേദനയനുഭവിച്ചത് തനിക്കുവേണ്ടിതന്നെയല്ലേ എന്ന ചിന്ത ആ താരഹൃദയത്തെ കൂടുതൽ ആർദ്രമാക്കി. വീരമൃത്യു വരിച്ച ആരാധകനുവേണ്ടി ഇനി ഒന്നും ചെയ്യാനില്ല. അയാളുടെ കുടുംബത്തിനെ സംരക്ഷിക്കുകയോ ഒരു തുക സംഭാവന ചെയ്യുകയോ ചെയ്യാം. എന്നിരുന്നാലും തന്നെ ആരാധിച്ചിരുന്ന ആ ജീവൻ എന്നെന്നേക്കുമായി ഇവിടം വിട്ടുപോയില്ലേ. ആത്യന്തികമായി അതൊരു നഷ്ടം തന്നെയാണ്. എന്നാൽ തനിക്കുവേണ്ടി കഠിനവേദനയനുഭവിച്ച ആരാധകനെ സഹായിക്കുക അവനുവേണ്ടി എന്തെങ്കിലും ചെയ്യുക എന്നാൽ അത് തികച്ചും അർത്ഥവത്തായ കാര്യമാണ്. അതുകൊണ്ട് ഒരു പ്രയോജനം കൂടിയുണ്ട് അവന്റെ ആരാധന ഇരട്ടിക്കുകയും തന്റെ മഹത്വം മറ്റുള്ളവരോട് അവൻ പറയുകയും ചെയ്യും. ഉടൻതന്നെ സൂപ്പർ താരം തന്റെ ആജ്ഞാനുവർത്തികളെ വിളിച്ചുവരുത്തി ടി.വിയിൽ കാണിച്ച ആരാധകനെ കണ്ടുപിടിച്ച് തന്റെ മുന്നിൽ എത്തിക്കാൻ കൽപ്പനയിട്ടു. പക്ഷെ മാനേജർ താരത്തിന്റെ വിവേകമില്ലായ്മയെ തിരുത്തി. ആരാധകന്റെ വിലാസം കണ്ടുപിടിച്ച് തങ്ങൾ അങ്ങോട്ടുപോയി കാണണമെന്നായി അയാൾ. അത് അംഗീകരിച്ചുകൊണ്ട് തന്റെ ഉത്തരവ് തിരുത്തി പ്രഖ്യാപിച്ചു സൂപ്പർ താരം.

തിരികെ നാട്ടിൽ ബസ്സ് സ്റ്റോപ്പിൽ ഇറങ്ങിയപ്പോൾതൊട്ടേ ഒരു പന്തികേട് തോന്നി അയാൾക്ക്. ആൾക്കാരുടെ നോട്ടവും അടക്കിപ്പിടിച്ചുള്ള സംസാരവും ചിരിയുമെല്ലാം എന്തോ മനസ്സിൽ വച്ചുകൊണ്ടാണ് എന്ന് അയാൾക്ക് തോന്നി. അത് വകവയ്ക്കാതെ അയാൾ വീട്ടിലേക്കു നടന്നു. കുറച്ചുദൂരം ചെന്നപ്പോൾ എതിരെ വന്ന ഒരു നാട്ടുകാരൻ, “കാലിനെങ്ങനെയുണ്ട് മോനെ??” എന്ന് ചോദിച്ചപ്പോഴാണ് പന്തികേടിന്റെ കാഠിന്യം അയാൾ മനസ്സിലാക്കുന്നത്. “കുഴപ്പമില്ല” എന്ന് പെട്ടന്ന് പറഞ്ഞുതീർത്തിട്ട്, ഫോണെടുത്ത് അയലോക്കത്തുള്ള അടുത്ത സുഹൃത്തിനെവിളിച്ചു കാര്യം തിരക്കിയപ്പോൾ അവൻ സംഗതിയുടെ കിടപ്പുവശം കഥാനായകന് പറഞ്ഞുകൊടുത്തു. എല്ലാം പറഞ്ഞതിനുശേഷം ഒരു ചോദ്യവും, “നിനക്ക് പടം കാണണേൽ ഇത്ര കഷ്ടപ്പെട്ട് എന്തിനാ ഏറണാകുളം പോയത്? ഇവിടെയെങ്ങാനും കണ്ടാൽ പോരായിരുന്നോ??” അതുകേട്ടപ്പോൾ അയാളുടെ സകല നിയന്ത്രണവും വിട്ടു കൂട്ടുകാരനെ നാല് തെറിയും വിളിച്ചു. തെറിയെല്ലാം വൃത്തിക്ക് കേട്ടശേഷം എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെ മറ്റൊരുകാര്യം കൂടി കൂട്ടുകാരൻ പറഞ്ഞു, “നിന്റെ അച്ഛൻ വീട്ടിൽക്കിടന്നു ഭയങ്കര ബഹളമാ, ഇന്റർവ്യൂവിനെന്നു കള്ളം പറഞ്ഞ് നീ ഏറണാകുളത്ത് കൂട്ടുംകൂടി സിനിമ കാണാനാ പോയേന്നുപറഞ്ഞാ ബഹളം.” പോരെ പൂരം, അയാളുടെ നെഞ്ചിടിപ്പ് തുടിതാളം കൊട്ടി. ടിയാൻ പേടിച്ചുപരവശനായി വഴിയിലുള്ള കലുങ്കിന്റെ കൈവരിയിൽ ഇരുന്നു. കുറച്ചുനേരം ഇരുന്നതിനുശേഷം രണ്ടും കൽപ്പിച്ച് അയാൾ വീട്ടിലേക്കുനടന്നു. സാധാരണ വീടടുക്കുന്തോറും വേഗത കൂടാറുണ്ടായിരുന്നുവെങ്കിലും അന്ന് അസാധാരണമായി വേഗതകുറയുകയും അവസാനം ഒരുവിധത്തിൽ അയാൾ വീട്ടിലെത്തുകയും ചെയ്തു.

ഉമ്മറത്തിരുന്നിരുന്ന അപ്പൻ മകന്റെ തലകണ്ടപ്പോഴേ അലറി, "ദേ വരുന്നുണ്ടെടീ നിന്റെ സന്തതി. മനുഷ്യന്റെ മാനം കളഞ്ഞുകുളിച്ചിട്ട്." അത് കേട്ടതും അടുക്കളയിൽ നിന്നും പാഞ്ഞുവന്ന് ആ പാവം സ്ത്രീ മകനെ ആപാദചൂഡം നോക്കി.

"നിന്റെ കാലിനെന്തേലും പറ്റിയോ മോനേ..." എന്നുപറഞ്ഞു അവർ തറയിലേക്കിരുന്ന് മകന്റെ പാന്റ് മെല്ലെ പൊക്കി കണങ്കാലിൽ മെല്ലെ തടവി.

"ആ താങ്ങിക്കൊടുക്കടീ..... താങ്ങിക്കൊട്. നീയൊരുത്തിയാ ഇവനെ വഷളാക്കിയത്." അപ്പൻ തുള്ളിക്കൊണ്ട് പറഞ്ഞു.

അപ്പോഴും മകന്റെ കാലിൽ തടവുകയായിരുന്ന അവർ ചുവന്നു തിണർത്ത പാടും ചോരമയവും കണ്ട് വിതുമ്പി ദേഷ്യത്തോടെ, "കാലമാടന്മാര്... എന്റെ കൊച്ചിന്റെ കാലുതല്ലി ശരിയാക്കി."

ഈ സമയമത്രയും മിണ്ടാതിരിക്കുകയായിരുന്ന കഥാനായകൻ അച്ഛനോടായി പറഞ്ഞു, "ഇന്റർവ്യൂ നേരത്തെ കഴിഞ്ഞതുകൊണ്ട്... സമയം ഉണ്ടായിരുന്നതിനാൽ... സിനിമയ്ക്ക് പോയതാ.. പക്ഷെ... അവിടുത്തെ പ്രശ്നമൊന്നും അറിഞ്ഞില്ലാരുന്നു."

"അതുകൊണ്ടെന്താ.... പോലീസിന്റടീം കൊണ്ട് മോങ്ങിക്കൊണ്ടോടുന്ന നിന്നെ നാട്ടുകാരുമൊത്തം കണ്ടില്ലേ.. ഇനിയെങ്ങനെ ഞാൻ തലയുയർത്തി നടക്കുമെടാ...." അപ്പന്റെ രോഷാഗ്നിയിൽ പൊള്ളി അയാൾ തലകുനിച്ചു.

"മതിയെടീ നിന്റെ ഓമ്പോലിപ്പ്..." അയാൾ ഭാര്യയുടെ നേരെ ദേഷ്യപ്പെട്ടു. അവർ മെല്ലെയെണീറ്റു മകനെ നോക്കി.

"നീ വാ... ഞാൻ മുറിവെണ്ണയിട്ടുതരാം...". അയാൾ അപ്പനെ ഇടംകണ്ണിട്ടു നോക്കി അമ്മയോടൊപ്പം ഉള്ളിലേക്ക് നടന്നു. പ്രതീക്ഷിച്ചതുപോലെയുള്ള കോളിളക്കങ്ങൾ ഒന്നുമുണ്ടാകാഞ്ഞതിൽ അയാൾ ആശ്വസിച്ചു.

ഉദ്യോഗത്തിനുപോകാതെ നിവൃത്തിയില്ലാത്തതുകൊണ്ട് അപമാനഭാരം മറന്ന് അയാളുടെ അച്ഛൻ ജോലിക്ക് പോയി. അമ്മയുടെ ലോകം വീടും അടുക്കളയും പറമ്പുമായിരുന്നതിനാലും അവിടെ ബാഹ്യസാമൂഹിക അവസ്ഥയല്ലായിരുന്നതിനാലും അവർക്ക് മറ്റുബുദ്ധിമുട്ടുകളൊന്നുമുണ്ടായില്ല. എന്നിരുന്നാലും അയൽക്കൂട്ടംകാരി പെണ്ണുങ്ങളോട് യഥാർത്തത്തിൽ നടന്നതെന്തെന്ന് വിശദീകരിക്കേണ്ടി വന്നു. അതേ അവസ്ഥ അപ്പന് ഓഫീസിലും നാട്ടിലെ ചങ്ങാതിമാർക്കിടയിലും അഭിമുഖീകരിക്കേണ്ടി വന്നു. എന്നിരുന്നാലും കഥാനായകന് ആ സംഭവം നാട്ടിലൊരു "പേരുണ്ടാക്കി" കൊടുത്തു. ആദ്യമാദ്യം അയാൾ പുറത്തിറങ്ങാതെ പെരക്കകത്തുതന്നെ നേരം പോക്കി. പിന്നെപ്പിന്നെ മടുത്ത് പറമ്പിലും അടുത്തുള്ള സ്കൂൾ ഗ്രൌണ്ടിലേക്കും

പോയിത്തുടങ്ങി. ലാത്തിക്കടികൊണ്ട് കേരളം മുഴുവൻ പ്രശസ്തനായതിനാൽ "ലാത്തി" എന്നൊരു ഇരട്ടപേരും അയാൾക്ക് സുഹൃത്തുക്കൾക്കിടയിൽ വീണുകിട്ടി. അങ്ങനെ അയാൾ പരിഹാസ്യനായി നിൽക്കുമ്പോൾ സൂപ്പർ താരത്തിന്റെ അനുയായികൾ തല്ലുകൊണ്ട ആരാധകനെത്തേടിയുള്ള അന്വേഷണത്തിന്റെ അവസാനഘട്ടത്തിലായിരുന്നു.

* * *

വളരെക്കാലം നീണ്ടുനിന്ന ഒരു ബിഗ് ബജറ്റ് സിനിമയുടെ ഷൂട്ടിംഗ് കഴിഞ്ഞ് കിട്ടിയ പത്തുദിവസത്തെ ഒഴിവ് ആഘോഷിക്കാൻ ഏതോ അമേരിക്കൻ കമ്പനിയുടെ വിമാനത്തിൽ ഏതോ ലാറ്റിനമേരിക്കൻ രാജ്യത്തേക്കുള്ള യാത്രയുടെ ഇടവേളയിൽ മുന്തിയ സ്കോച്ചും നുണഞ്ഞ് വിൻഡോയിലൂടെ ആകാശത്തിന്റെ അപാരതയും ആസ്വദിച്ചുകൊണ്ടിരിക്കുകയായിരുന്നു അയാൾ. പത്തുദിവസത്തെ ഇടവേളയ്ക്കു ശേഷം വേണം പടത്തിന്റെ പോസ്റ്റ് പ്രൊഡക്ഷൻ വർക്ക് തുടങ്ങാൻ. വർക്കിനിടയിൽ അങ്ങനെയൊരു ഗാപ് കിട്ടിയത് അവിചാരിതമായിരുന്നു. പടത്തിന്റെ ഇടയിൽ പോന്നതിൽ ടിയാന് ടെൻഷൻ ഉണ്ടെങ്കിലും ഇത് അയാൾക്ക് ഒഴിവാക്കാൻ പറ്റാത്ത ഒരു കേസായിരുന്നു. അയളുടെയെല്ലാമെല്ലാമായ സൂപ്പർ സ്റ്റാറിനെ വച്ച് അയാൾ എടുത്ത സൂപ്പർ ഹിറ്റ് ചലച്ചിത്രത്തിന്റെ നൂറ്റിയൻപതാം ദിനാഘോഷം, അദ്ദേഹത്തിന്റെ പുതിയ പടത്തിന്റെ ലൊക്കേഷൻ ആയ റിയോ-ഡി-ജനിറോവിൽ വച്ചായിരുന്നു. ഷൂട്ടിംഗിനും പോസ്റ്റ് പ്രൊഡക്ഷനുമിടയിലായതിനാൽ അയാൾക്ക് പങ്കെടുക്കാൻ സൗകര്യമായി. പടം സൂപ്പർ ഹിറ്റ് ആക്കിയതിൽ അയാളുടെ സംവിധാനമികവിന് പ്രൊഡ്യൂസർ കൂടിയായ സൂപ്പർതാരം നൽകിയ ഉപഹാരമാണ് പത്തുദിവസം ലാറ്റിനമേരിക്കൻ രാജ്യങ്ങൾ ചുറ്റിക്കാണുവാനും മുന്തിയ ഹോട്ടലുകളിൽ തങ്ങുവാനും ഉള്ള ടൂർ പാക്കേജിന്റെ ടിക്കറ്റ്. നൂറ്റിയൻപതാം ദിനാഘോഷം കഴിഞ്ഞാൽ പിന്നെയയാൾ ടൂറിൽ ജോയിൻ ചെയ്യുകയായി. മദ്യം തീർന്ന ഗ്ലാസ് റിട്ടേൺ ചെയ്തതിനുശേഷം അയാൾ തലമെല്ലെ സീറ്റിലേക്ക് ചായ്ച്ച് വിൻഡോയിലൂടെ പുറത്തേക്കു കണ്ണും നട്ടുകിടന്നു. ആ വിമാനത്തിലും വേഗത്തിലായിരുന്നു വർഷങ്ങൾ പോയത് എന്ന് അയാൾക്കുതോന്നി. അയാളുടെ കണ്ണുകൾ മെല്ലെയടഞ്ഞു.

* * *

എങ്ങനെയോ തിരഞ്ഞുപിടിച്ച് ഒടുക്കം സൂപ്പർതാരത്തിന്റെ അനുയായികൾ 'ആരാധകന്റെ' വീട് കണ്ടുപിടിച്ചു. ദൃശ്യങ്ങൾ ചാനലിലും സമൂഹമാധ്യമങ്ങളിലും കിടന്നുകളിക്കുമ്പോൾ മാധ്യമങ്ങൾ അരങ്ങുവാഴുന്ന സമകാലിക ലോകത്ത് ഒരു വ്യക്തിയെ കണ്ടുപിടിക്കാൻ ആണോ പാട്, അതും കേരളം മുഴുവൻ ആരാധകർ ഉള്ള ഒരു സിനിമ നടന്. ഒരു ഞായറാഴ്ചയായിരുന്നു ആരാധകന്റെ വീട്ടിൽ പോകാൻ തിരഞ്ഞെടുത്തത്. അങ്ങനെ രാവിലെ

പത്തുമണിക്ക് എണീറ്റ് താരം ആരാധകന്റെ വീട് ലക്ഷ്യമാക്കി പാഞ്ഞു. തലേന്ന് രാത്രിതന്നെ അയാൾ ആരാധകന്റെ നഗരത്തിൽ എത്തി ഒരു മുന്തിയ ഹോട്ടലിൽ റൂമെടുത്ത് തങ്ങിയിരുന്നതിനാൽ, അരമണിക്കൂറത്തെ യാത്രക്ക് ശേഷം അയാൾ ആരാധകന്റെ വീട്ടിലെത്തി. സമൂഹമാധ്യമാങ്ങളിലൂടെ, ആരാധകന് വേണ്ടിയുള്ള തിരച്ചിൽ നടക്കുന്നുവെന്നു മനസ്സിലാക്കിയ നമ്മുടെ കഥാനായകൻ സൂപ്പർതാരത്തിന്റെ ഭാഗത്തുനിന്നു ഇങ്ങനെയൊരു അപ്രോച് ഉണ്ടാകുമെന്ന് അറിഞ്ഞിരുന്നുവെങ്കിലും ആരാധനാമൂർത്തിയുടെ സന്തോഷത്തിലേക്കായി സ്വയം അന്തംവിട്ടതായി ഭാവിച്ച് വിശ്വാസം വരാതെയെന്ന ഭാവത്തിൽ അയാളെ ടിയാൻ ആലിംഗനം ചെയ്തു. താരം തന്റെ ആരാധകന്റെ വീട്ടിലെ സോഫയിൽ ഇരുന്നു. വെള്ളിവെളിച്ചങ്ങൾക്കൊടുവിൽ ആ ദൃശ്യങ്ങൾ ഡിജിറ്റൽ ഫോർമാറ്റിൽ "ഫോട്ടം പിടിക്കുന്ന യന്ത്രം" ഒപ്പിയെടുത്തു. ദീർഘനേരത്തെ കുശലം പറച്ചിലിനും ലഘുവാഹാരത്തിനുമൊടുവിൽ സൂപ്പർതാരം ആരാധകനോടാ ചോദ്യം ചോദിച്ചു.

"പിന്നെ ജോലിക്കൊന്നും ശ്രമിച്ചില്ലേ??"

"ഇല്ല സർ"

"എന്തേ?? എഞ്ചിനീയറിംഗ് ഒക്കെ പഠിച്ചതല്ലേ..."

"അത്.... സർ... എനിക്ക് സിനിമയോടാണ് താൽപ്പര്യം."

മകന്റെ മറുപടി കേട്ട് മൂക്കത്ത് വിരൽ വച്ച അമ്മ വിശ്വാസം വരാതെ അച്ഛനെ നോക്കി. ഇതൊക്കെയെത്ര കണ്ടതാണെന്നും കേട്ടതാണെന്നുമുള്ള ഭാവത്തിൽ അയാൾ തിരികെയും നോക്കി."

"സിനിമയോ??" വിശ്വാസം വരാതെ സൂപ്പർസ്റ്റാർ.

"അതെ സർ" നിഷ്കളങ്കനായി ആരാധകൻ.

"ആട്ടെ, സിനിമയിൽ എന്തുചെയ്യാൻ ആണ് താൽപ്പര്യം?"

അഭിനയിക്കാനാണെന്ന് പറഞ്ഞാൽ സൂപ്പർതാരത്തിന് ഒരു കൊമ്പറ്റീഷൻ ആകുമെന്ന് കരുതി അയാൾ തഴഞ്ഞാലോ എന്നുവിചാരിച്ച് ആരാധകൻ പറഞ്ഞു, "സംവിധാനം."

"ഉം" ഒന്ന് മൂളുക മാത്രം ചെയ്തിട്ട് താരം തന്റെ മാനേജറെ വിളിച്ചു രഹസ്യമായിയെന്തോ പറഞ്ഞു. അയാൾ തലയാട്ടി. കുറച്ചുനേരത്തെ കുശുകുശുക്കലിനുശേഷം താരം തിരിഞ്ഞ് ആരാധകനെ നോക്കി.

"എടൊ... എന്റെ അടുത്ത പടത്തിന്റെ വർക്ക് ഉടൻ ആരംഭിക്കും. താൻ ഒരുകാര്യം ചെയ്യ് അതിൽ ഒന്ന് അസ്സിസ്റ്റ് ചെയ്യ്. ഞാൻ ഡയറക്ടറെ വിളിച്ചുപറഞ്ഞോളാം.

അങ്ങനെ രണ്ടുമൂന്നുപടത്തിൽ അസ്സിസ്റ്റ് ചെയ്ത് സിനിമയെന്താണ് എന്ന് ഒന്നുപഠിക്ക്. എന്നിട്ട് നമുക്ക് സംവിധാനം ചെയ്യാം..."

ഇത്തവണ മൂക്കത്ത് വിരൽ വച്ചത് സൂപ്പർതാരത്തിന്റെ മാനേജർ ആയിരുന്നു. അത്ര പക്വതയോടെ തന്റെ യജമാനൻ സംസാരിക്കുന്നത് അയാൾ ആദ്യമായി കാണുകയായിരുന്നു. സാധാരണ അയാൾ നിർബന്ധിച്ചാലും നിയന്ത്രണം വിട്ട് എന്തേലും വിടുവാ പറഞ്ഞ് വിവാദങ്ങളിൽപ്പെടുകയാണ് സൂപ്പർതാരത്തിന്റെ ഹോബി. എന്തായാലും കഥാനായകൻ സന്തോഷവാനായി. അമ്മ എന്തുചെയ്യണമെന്നറിയാതെ നിൽക്കുമ്പോൾ അച്ഛൻ എൻജിനീയറിംഗ് പഠിപ്പിക്കാൻ പൊടിച്ച ലക്ഷങ്ങളെപ്പറ്റി ആലോചിക്കുകയായിരുന്നു. അങ്ങനെ ടിയാൻ, സൂപ്പർതാരത്തിന്റെ സൂപ്പർ ഹിറ്റ് ആകാൻ പോകുന്ന പടത്തിന്റെ സൂപ്പർ സംവിധായകന്റെ സഹസംവിധായകനായി. കാലം അയാളെ സൂപ്പറുമാക്കി.

* * *

അയാൾ യാത്രയിലാണ്, തന്റെ സൂപ്പർ സ്റ്റാറിനെ വച്ചുപിടിച്ച സൂപ്പർ ഹിറ്റ് ചിത്രത്തിന്റെ നൂറ്റിയൻപതാം ദിനാഘോഷത്തിനും ഒഴിവുദിനങ്ങൾ ആനന്ദകരമാക്കുവാനും. ടിയാന്റെ ജീവിതം തുടരുന്നുവെങ്കിലും, ജീവചരിത്രം തൽക്കാലം അവസാനിക്കുന്നു.

***ശുഭം***